മംഗളം

07 January 2117

# കെ.വി.കെ കരിമീൻ വിത്തുൽപാദന യൂണിറ്റുകൾ തുറന്നു

കൊച്ചി: കരിമീൻ കൃഷിക്ക് നല്ല കാലം വരുന്നു. കരിമീൻ കൃഷിയുടെ പ്രധാന വെല്ലുവിളിയായിരുന്ന വിത്തുകളുടെ ലഭ്യതക്കുറവിന് ഇനി പരിഹാരമാകും. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ (കെ.വി.കെ) നേതൃത്വത്തിൽ കർഷകരുടെ പങ്കാളിത്തത്തോടെ കരിമീൻ വിത്തുൽപാദന യൂണിറ്റുകൾ തുറന്നത് കരിമീൻ കൃഷി ജനകീയമാകുന്നതിന് സഹായകരമാകും.

ഹൈദരാബാദ് ആസ്ഥാനമായ ദേശീയ മത്സ്യ വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെയാണ് വിത്തുൽപാദന കേന്ദ്രങ്ങൾ തുടങ്ങുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്ന ഗുണമേൻമയില്ലാത്ത കരിമീൻ വിത്തുകൾ കൊണ്ട് കൃഷിയിറക്കുന്നത് പലപ്പോഴും ഉൽപാദനത്തെ ബാധിക്കുന്ന സാഹചര്യത്തിലാണ് കെ.വി.കെയുടെ നേതൃത്വത്തിൽ വിത്തുൽപാദന യൂണിറ്റുകൾ തുടങ്ങുന്നത്.

കർഷരുടെ പങ്കാളിത്തത്തോടെയാണ് കരിമീൻ കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നത്. കുളങ്ങൾ വൃത്തിയാക്കി മറ്റു മത്സ്യങ്ങളെയെല്ലാം മാറ്റി പ്രത്യേകം തയാറാക്കിയ ജലാശയങ്ങളിലാണ് കരിമീൻ വിത്തുൽപാദനം നടത്തുന്നത്. ഇത്തരത്തിൽ ഉൽപാദിപ്പിച്ച കരിമീൻ കുഞ്ഞുങ്ങളെ കെ.വി.കെയുടെ വിപണന കേന്ദ്രം വഴി വിതരണം ചെയ്യാനാണ് പദ്ധതി. കെ.വി.കെയുടെ അംഗീകാര പത്രം ലഭിച്ചിട്ടുള്ളതിനാൽ ഈ കർഷകർക്ക് നേരിട്ടും വിപണനം നടത്താനാകും. കരിമീൻ കുഞ്ഞുങ്ങളെ ഉപ്പുവെള്ളത്തിലും ശുദ്ധജലത്തിലും പാക്ക് ചെയ്ത് കൊടുക്കാനുള്ള സൗകര്യം കെ.വി.കെയുടെ വിപണന കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്.

കരിമീനിന്റെ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുകയാണ് വിത്തുൽപാദന യൂണിറ്റുകൾ തുടങ്ങുന്നതിലൂടെ ലക്ഷ്യമിടുന്നതെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ എ. ഗോപാലകൃഷ്ണൻ പറഞ്ഞു. പ്രഫ. കെ.വി. തോമസ് എം.പി. പദ്ധതി ഉദ്ഘാടനം ചെയ്തു. ആദ്യ ഘട്ടത്തിൽ സ്ഥാപിച്ച ആറു കേന്ദ്രങ്ങൾക്കുള്ള അംഗീകാര പത്രങ്ങൾ അഡ്വ. വി.ഡി. സതീഷൻ എം.എൽ.എ കൈമാറി.

സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ, ദേശീയ കാർഷിക ഗവേഷണ കൗൺസിൽ പ്രതിനിധിയും കെ.വി.കെയുടെ സോൺ ഡയറക്ടറുമായ ഡോ. ശ്രീനാഥ് ദീക്ഷിത്, കെ.വി.കെ മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യൻ, ഡോ. വികാസ് പി.എ, എന്നിവർ സംസാരിച്ചു.




■ സി.എം.എഫ്.ആർ.ഐയുടെ കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ തുടങ്ങുന്ന കരിമീൻ വിത്തുൽപാദന കേന്ദ്രങ്ങളുടെ ഉദ്ഘാടനം പ്രഫ. കെ.വി. തോമസ് എം.പി നിർവഹിക്കുന്നു.